LIBRARY ARCHIVES Kerala Legislative Assembly

തോട്ടത്തറ സെറികൾച്ചർ കോംപ്ലക്സ്

152 [977] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറികൾച്ചർ ഫെഡറേഷന്റെ നിയന്ത്രണത്തിലുള്ള തോട്ടത്തറ സെറികൾച്ചർ കോംപ്ലക്സിന്റെ വികസന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പുതിയതായി എന്തെല്ലാം പ്രവർത്തനങ്ങൾ അവിടെ ആരംഭിച്ചു;

(സി) പുതിയതായി ആർക്കെങ്കിലും പ്രസ്തുത സ്ഥാപനത്തിൽ തൊഴിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇനി എത്ര ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്;

(ഇ) ഏതെല്ലാം പഞ്ചായത്തുകളിലെ കർഷകർക്ക് തോട്ടത്തറ കോംപ്ലക്സിന്റെ ഗുണഫലങ്ങൾ ലഭ്യമാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2003-2004-ൽ ഒരേക്കറിൽ മൾബറി കൃഷി വ്യാപിപ്പിച്ചു. 42 പേർക്ക് പട്ടുനൂൽപ്പുഴു വളർത്തലിൽ പരിശീലനം നൽകി. അതുവഴി 140 കി.ഗ്രാം. കൊക്കുൺ ഉൽപ്പാദിപ്പിച്ചു. 40,000 മൾബറി തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു.

(സി) ഇല്ല.

(ഡി) സ്ഥിര ജോലിക്കുള്ള പദ്ധതികളൊന്നുമില്ല. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫാമിൽ പണിയെടുക്കുന്നതിന് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാകുമെന്ന് കരുതുന്നു.

(ഇ) കൊല്ലം ജില്ലയിലെ മുഴുവൻ സെറികൾച്ചർ കർഷകർക്കും ഈ കോംപ്ലക്സിലൂടെ പ്രയോജനം ലഭിക്കുന്നതാണ്.

തണൽ ഭവന പദ്ധതി

153 [978] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തണൽ ഭവന പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണം മുടങ്ങിയ വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ തണൽ ഭവന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.